കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വണ്ടൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/238/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിയ്യതി: 20-02-2019

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ ,

വിഷയം :വണ്ടൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയപ്പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.6/238/2019

തിയ്യതി: 20-02-2019

## മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക യിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.07.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത് , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 30.1.2019 മുതൽ 08.2.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസ്സീർ .ടി.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സലീം | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അമീൻ ഫൈസൽ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.റോഷ്നി കെ ബാബു | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.മുഹമ്മദ് അഷ്റഫ് .വൈ.പി | 01.04.2017 മുതൽ 31.3.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.രാഘവൻ.പി.പി | 01.04.2017മുതൽ 24.6.2017വരെ |
| -ടി- | ശ്രീ.മമ്മദ് അബ്ദുൾ ലത്തീഫ് | 24.6.2017മുതൽ 17.7.2017വരെ |
| -ടി- | ശ്രീ.അബ്ദു.എ.ഷുക്കൂർ. | 18.7.2017മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ്എഞ്ചിനിയർ | ശ്രീ.സുബിൻ.എസ് | 01.04.2017മുതൽ 15.6.2017വരെ |
| -ടി- | ശ്രീ.ശരണ്യ.വി.പി | 16.06.2017മുതൽ<br>31.03.2018വരെ |
| കൃഷിഓഫീസർ | ശ്രീ.സുബൈർ ബാബു | 01.11.2017മുതൽ 25.4.2017വരെ |
| -ടി- | ഡോ.കെ.നിസ്സാർ | 26.04.2017മുതൽ 01.8.2017വരെ |
| -ടി- | ശ്രീമതി.മെഹറുന്നീസ | 02.8.2017മുതൽ 31.10.2017വരെ |
| -ടി- | ശ്രീമതി.അതിബ.പി.ബി | 01.11.2017മുതൽ<br>31.03.2018വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദുൾ റഷീദ്.കെ.എ | 01.04.2017മുതൽ31.03.2018വരെ |
| വെറ്റിനറി സർജൻ | ശ്രീ.ജയരാജൻ .പി | 1.04.2017 മുതൽ18.11.2017വരെ |
| -ടി- | ഡോ.അനിൽകുമാർ നായർ | 19.11.2017മുതൽ31.3.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.വിജയകുമാരി.കെ.പി | 01.04.2017 മുതൽ02.6.2017വരെ |
| -ടി- | ശ്രീ.പ്രേമസുന്ദരൻ.പി | 03.6.2017 മുതൽ 31.3.2018വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ഹസ്ന്.കെ.ടി | 01.04.2017മുതൽ16.02.2018വരെ |
| -ടി- | ശ്രീമതി.സുബൈദ. | 17.2.2018മുതൽ 31.3.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സുനിൽബാബു | 01.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.പ്രീത.വി.കെ | 01.4.2017മുതൽ 2.06.2017വരെ |
| -ടി- | ഡോ.മഞ്ജു.എസ് | 03.6.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അബ്ദുൾഗഫൂർ | 01.04.2017 മുതൽ31.5.2017വരെ |
| | ഡോ.ലേഖ.പി.ബി | 01.06.2017 മുതൽ18.7.2017വരെ |
| | ഡോ.ജസീല .വി | 19.07.2017 മുതൽ01.8.2017വരെ |
| | ഡോ.നജീബ്.പി.യു | 02.08.2017 മുതൽ31.1.2018വരെ |
| | ഡോ.അബ്ദുൾ റൗഫ് | 01.02.2018 മുതൽ31.3.2018വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ബൈലോ ഉണ്ടാക്കാതെ ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകുന്നു | 2-1 |
| 14 | ചട്ട വിരുദ്ധമായി പാട്ടക്കാരന് കരാർ തുകയിൽ 30400/- രൂപയുടെ കിഴിവ് അനുവദിച്ചു. | 2-2 |
| 15 | കെട്ടിട നമ്പർ 16/960 A-K -ക്രമ വിരുദ്ധമായി നമ്പർ അനുവദിച്ചു. | 2-3 |
| 16 | സാങ്കേതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു | 2-4 |
| 17 | ടെൻണ്ടർ ഫീ -പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 18 | പട്ടികജാതി വികസന ഫണ്ട് _ 15,97,600/- രൂപ വക മാറ്റി ചെലവഴിച്ചു. | 3-1 |
| 19 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-2 |
| 20 | റൂഫിംഗ് ഷീറ്റിടുന്ന പ്രവൃത്തികൾ - കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു | 3-3 |
| 21 | സിമന്റ് ഇന്റർലോക്കിംഗ് കട്ട വിരിക്കൽ - തുക അധികം നൽകി | 3-4 |
| 22 | പരിരക്ഷ: മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 3-5 |
| 23 | ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല | 3-6 |
| 24 | പട്ടിക ജാതിക്കാരായ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ പ്രൊജക്ടിലെ അപാകതകൾ | 3-7 |
| 25 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-8 |
| 26 | വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം പാലിച്ചില്ല | 3-9 |
| 27 | വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് | 3-10 |

| | | |
|---|---|---|
| | ഹാജരാക്കേണ്ടതാണ് | |
| 28 | ചെലവു രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് | 3-11 |
| 29 | അങ്കണവാടികൾക്ക് ഫർണിച്ചറും കളി ഉപകരണങ്ങളും വാങ്ങൽ | 3-12 |
| 30 | പാലിയേറ്റീവ് കെയർ- നടപടി സ്വീകരിക്കേണ്ടതാണ്. | 3-13 |
| 31 | പ്രിന്റിങ് -നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല | 3-14 |
| 32 | പ്രൊജക്ട് അംഗീകാരം വാങ്ങാതെ പർച്ചേസ് നടത്തി | 3-15 |
| 33 | മെറ്റീരിയൽ പർച്ചേസ് -നികുതി അടവാക്കിയിട്ടില്ല | 3-16 |
| 34 | ആശ്രയ പദ്ധതി -അവലോകനം | 3-17 |
| 35 | പഞ്ചായത്ത് വക ഇൻസിനറേറ്റർ റിപ്പയർ -അപാകതകൾ | 3-18 |
| 36 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ്-സംയുക്ത പരിശോധന നടത്തണം | 3-19 |
| 37 | പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തണം | 3-20 |
| 38 | മരാമത്ത് പ്രവർത്തികൾ - അവലോകനം | 3-21 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ, വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 49 | ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് | |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|---|
| തീരുമാനം -(1)/28.03.2017 | 4(1) 31.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.6.2018 മുതൽ 12.6.2018 വരെ. | കെ.എസ്.എ.എം.പി.എം /(6)/ 1257/2018/4.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38648409 |
| വരവ് | 115638621 |
| ആകെ | 154287030 |
| ചെലവ് | 105015743 |
| നീക്കിബാക്കി | 49271287 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24769092 | 24769092 | 19793262 | 4975830 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13788324 | 13788324 | 13718156 | 70166 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 143942 | 143942 | 96860 | 47082 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10379468 | 10379468 | 10078968 | 300500 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6399976 | 6399976 | 6332417 | 67559 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10668245 | 10668245 | 8653993 | 2014252 |
| കെ.എൽ.എസ്. ജി.ഡി.പി. (state ) | 0 | 1532006 | 1532006 | 1332006 | 200000 |
| കെ.എൽ.എസ്. ജി.ഡി.പി. (central ) | 0 | 4296924 | 4296924 | 4293143 | 3781 |
| തനത് ഫണ്ട്- SBI | 1276462 | 4094310 | 5370772 | 2396846 | 2973926 |
| എസ്.ബി.ടി (ലോൺ ) | 1020 | 00 | 1020 | 0 | 1020 |
| എസ്.ബി.ടി (FD0 | 0 | 00 | 00 | 00 | 00 |
| എസ്.ബി.ടി (epayment ) | 37497 | 292697 | 330194 | 190329 | 139865 |
| WSCB -തനത് | 34413908 | 25402033 | 59815941 | 17548283 | 42267658 |
| VPFA -I | 00 | 00 | 00 | 00 | 00 |
| ട്രഷറി -ടി.എസ്.ബി | 2119917 | 22347120 | 24467037 | 21030645 | 3436392 |
| SBT -റിലീഫ് ഫണ്ട് | 127141 | 4736 | 131877 | 0 | 131877 |
| SBT -SSA | 229374 | 8545 | 237919 | 0 | 237919 |
| NREGA -PNB | 5758 | 974475 | 980233 | 977637 | 2596 |
| കാനറ ബാങ്ക് | 12832 | 395 | 13227 | 12300 | 927 |
| ക്യാഷ് | 424500 | 79107 | 503607 | 424500 | 79107 |

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 380 | 125891985 | 253 | 80822146 | 127 | 0 | 66.58 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 5758 | 974475 | 980233 | 977637 | 2596 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13419162 | 13419162 | 13419162 | 0 |
| ആകെ | 5758 | 14393637 | 14399395 | 14396799 | 2596 |

വാർഷിക കണക്കുകളിലെ വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 214200 | 362 |
| കർഷക തൊഴിലാളി പെൻഷൻ | 4979300 | 1710 |
| വിധവാ പെൻഷൻ | 27217300 | 8979 |
| വാർദ്ധക്യകാല പെൻഷൻ | 31337100 | 9266 |
| വികലാംഗ പെൻഷൻ | 8059500 | 2584 |
| വിവാഹ ധനസഹായം | 1380000 | 46 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 978800 | 428 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.2.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
2. സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.
4. വി.ഇ.ഒ, അസി. എൻജിനീയർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ എഴുതുന്നില്ല.

5.പഞ്ചായത്ത് വക ഫർണ്ണിച്ചർ, ഇലക്ട്രോണിക്ക് ഉപകരണങ്ങൾ എന്നിവയ്ക്ക് നമ്പറിങ് നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല
6.ഇ-ടെണ്ടർ -ടെണ്ടർ ഫീ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല
7.പഞ്ചായത്ത് തല പർച്ചേസുകൾ പ്രൊക്യൂർമെൻറ് കമ്മറ്റി കാര്യക്ഷമമായി ഇടപെടുന്നില്ല
8.പദ്ധതി പൂർത്തീകരണത്തിന് ശേഷം മോണിട്ടറിങ് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നില്ല
9.പ്രൊജക്ട് അംഗീകാരം ലഭ്യമാക്കാതെ പർച്ചേസുകൾ നടത്തുന്നു. അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.1.2019 | 12/2018 | 15.1.2019 |
| എ.ജി ഓഡിറ്റ് | 15.2.2017മുതൽ 17.2.2017 വരെ | 2012-13 മുതൽ 2015-16 വരെ | 11.4.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. SBT-Loan A/C നമ്പർ 67104678517 എന്ന അക്കൗണ്ടിന്റെ 1.4.2017 മുതൽ 30.11.2017 വരെയുള്ള റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2. SBT-Loan A/C നമ്പർ 67104678517 എന്ന അക്കൗണ്ടിൽ വാർഷിക ധനകാര്യ പത്രിക Schedule RP-40b പ്രകാരം 1020 രൂപ ബാലൻസ് ഉണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 1058 രൂപയാണ് ബാലൻസ് ആയി ഉള്ളത്. റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3. 1.SBT-Loan- 67104678517,Last transaction 21.03.2011,

2.Canara bank saksharatha-0858101018986 Last transaction 19.04.2017 എന്നീ നിഷ്ക്രിയ അക്കൗണ്ടുകൾ close ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല

4. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ capital work in progress ൽ ഉൾപ്പെടുത്തിയ തുക Final bill നൽകിയപ്പോൾ ആസ്തിയാക്കി മാറ്റിയത് ആസ്തി രജിസ്റ്ററിൽ വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയില്ല.

6. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

7. മുൻവർഷത്തെ അപാകതകൾ പരിഹരിച്ചിട്ടില്ല.

8. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ മുതലായവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല )

9. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി ഡി.സി.ബിയും എ.എഫ്.എസിലെ വസ്തു നികുതി ഡി.സി.ബി.യും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
10.പഞ്ചായത്തിന് കിട്ടാനുള്ള ഇ-ടെൻണ്ടർ ഫീസിന് പ്രൊവിഷൻ ഇട്ടിട്ടില്ല.
11. ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബൈലോ ഉണ്ടാക്കാതെ ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള കെട്ടിടങ്ങൾ/ റൂമുകൾ വാടകക്ക് നൽകുന്നതിന്ന് 1995-ലെ കേരള പഞ്ചായത്ത് രാജ് [ബൈലോ ഉണ്ടാക്കാനുള്ള നടപടിക്രമം] ചട്ടങ്ങൾ, ജി.ഒ [എം.എസ്] 105/1997/LSGD തിയ്യതി 12.05.1997 പ്രകാരം ബൈലോ ഉണ്ടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള അംഗീകൃത ബൈലോ ഉണ്ടാക്കാതെയാണ് പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകി വരുന്നത്. ഷോപ്പിംഗ് കോംപ്ലക്സുകളെയും, അതിൽ നിന്നുള്ള വരുമാനം സംബന്ധിച്ച 2017-18 സാമ്പത്തിക വർഷത്തെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് / കെട്ടിടത്തിന്റെ വിവരം | ആകെ റൂമുകളുടെ എണ്ണം | വാടകക്ക് നൽകിയ റൂമുകളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന റൂമുകളുടെ എണ്ണം | 2017-18 വർഷത്തെ വരുമാനം |
|---|---|---|---|---|
| പഞ്ചായത്ത് ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് | 11 | 10 | 1 | 744156 |
| അങ്ങാടിപൊയിൽ ഷോപ്പിംഗ് കോംപ്ലക്സ് | 6 | 6 | 0 | 429552 |
| മണലിമ്മൽപാടം ഷോപ്പിംഗ് കോംപ്ലക്സ് | 16 | 14 | 2 | 1259592 |
| ഫിഷ് മാർക്കറ്റ് | 3 | 3 | 0 | 63288 |
| കുടുബശ്രീ ഹോട്ടൽ | 1 | 1 | 0 | 18600 |

| | | | | |
|---|---|---|---|---|
| ഖാദി ഷോറൂം | 1 | 1 | 0 | 20000 |
| ആകെ | 38 | 35 | 3 | 2535188 |

ബൈലോ ഉണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ഓഡിറ്റ് എൻക്വയറി 3/01.02.2019] മറുപടിയിൽ 21.11.2009-ലെ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി സർക്കാറിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകുന്നതിനുള്ള അംഗീകൃത ബൈലോക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ചട്ട വിരുദ്ധമായി പാട്ടക്കാരന് കരാർ തുകയിൽ 30400/- രൂപയുടെ കിഴിവ് അനുവദിച്ചു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മണലിമ്മേൽപാടം ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ ശ്രീ. പ്രകാശ് അരിപ്ര, നിലമ്പൂർ എന്നയാൾക്ക് 38000/- രൂപക്ക് പാട്ടത്തിന് നൽകുകയും, അഗ്നിബാധയെ തുടർന്ന് 14.04.2017 മുതൽ 31.01.2018 വരെ പ്രസ്തുത കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ടി കാലയളവിൽ പാട്ടതുക ഒഴിവാക്കി നൽകണമെന്ന പാട്ടക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മൊത്തം 30400/- രൂപ [വൗച്ചർ നമ്പർ 21800206/ 06.06.2018] ഒഴിവാക്കി നൽകിയിട്ടുണ്ട്. 1998-ലെ കേരള പഞ്ചായത്ത് രാജ് [കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ] ചട്ടങ്ങൾ ചട്ടം 5(4) പ്രകാരം 10000/- രൂപയിൽ കൂടുതൽ കിഴിവ് അനുവദിക്കുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ സർക്കാറിന്റെ മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് ഭരണ സമിതിയുടെ 21.03.2018 -ലെ 1/1.1 തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ തുകയിൽ കിഴിവ് അനുവദിച്ചിട്ടുള്ളത്. ചട്ട പ്രകാരമല്ലാതെ പാട്ട തുകയിൽ കിഴിവ് അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് 30400/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [06/01.02.2019] ലഭ്യമാക്കിയ മറുപടിയിൽ കംഫർട്ട് സ്റ്റേഷൻ പ്രവർത്തിച്ച കാലയളവിലെ തുക ഈടാക്കിയിട്ടുണ്ടെന്നും അഗ്നിബാധയെ തുടർന്ന് പ്രവർത്തിക്കാത്ത കാലയളവിലെ തുകയാണ് തിരിച്ച് നൽകിയിട്ടുള്ളതെന്നും ആയതിന് പ്രസ്തുത ചട്ടം ബാധകമല്ല എന്നുമുള്ള മറുപടി സ്വീകാര്യമല്ല. പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കരാറുകാർക്ക് കരാർ കാലയളവിൽ പ്രത്യേക കാരണങ്ങളാൽ ഉണ്ടാകുന്ന നഷ്ടത്തിന് ഇളവ് നൽകുന്നതാണ് 1998-ലെ കേരള പഞ്ചായത്ത് രാജ് [കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ] ചട്ടത്തിന്റെ ഉദ്ദേശ്യം. ആയതിൽ 10000/- കൂടുതൽ കിഴിവ് അനുവദിക്കുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ചട്ട വിരുദ്ധമായി പാട്ട തുകയിൽ ഇളവ് നൽകിയതുമൂലമുണ്ടായ നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നമ്പർ 16/960 A-K -ക്രമ വിരുദ്ധമായി നമ്പർ അനുവദിച്ചു.

ശ്രീ. അബ്ദുൽ റഹീം, കാപ്പിൽ വീട് എന്നവരുടെ ഉടമസ്ഥയിലുള്ള 16/960 നമ്പർ വാണിജ്യ കെട്ടിടത്തിന്റെ രണ്ടാം നില [രണ്ടാം നില വിസ്തീർണം 203.4 ച.മി] വിഭജിച്ച് 16/960 A-K കൂടിയ നമ്പറുകൾ അനുവദിച്ച് [അസസ്മെന്റ് തിയ്യതി. 24.10.2017] നികുതി ചുമത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 4(2) പ്രകാരം മേൽ പ്രവൃത്തിക്ക് ബിൽഡിംഗ് പെർമിറ്റ് ആവശ്യമാണ്. എന്നാൽ പെർമിറ്റ് എടുക്കാതെ മാറ്റം വരുത്തിയ കെട്ടിടം നിയമാനുസൃതം റെഗുലറൈസ് ചെയ്യാതെ കെട്ടിട നമ്പറുകൾ അനുവദിച്ച് നികുതി ചുമത്തി.
2. റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല. [മാറ്റം വരുത്തിയ ഭാഗത്തിന് - 203.4 ച.മി]
3. പ്രസ്തുത കെട്ടിടത്തിന്റെ നിലവിലുള്ളതും, മാറ്റം വരുത്തിയതുമായ ഭാഗങ്ങൾ ഉൾപ്പെടുന്ന പ്ലാനുകൾ ലഭ്യമാക്കിയിട്ടില്ല.

റെഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതും മറ്റു അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

*[ഓഡിറ്റ് എൻക്വയറി 10/04.02.2019- മറുപടി ലഭ്യമാക്കിയിട്ടില്ല]*

## **2-4** സാങ്കേതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു.

ശ്രീ. അനീഷ് മോൻ, കാരപ്പൻഞ്ചേരി വീട്, പൂന്നപ്പാല എന്നവരുടെ ഉടമസ്ഥയിലുള്ള വാസ-വാണിജ്യ കെട്ടിടത്തിന് അസി. എഞ്ചിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കാതെ നമ്പർ അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽഡിംങ് പെർമിറ്റ് | 87/2015-16 തിയ്യതി 21.10.2015 |
| ഇനം | വാസ/ വാണിജ്യ [A1& F] |
| വിസ്തീർണം | 961.81 m2 |
| പൂർത്തീകരണം | 10.07.2017 (A2/5465/2017) |

961.81 m2 വിസ്തീർണത്തിൽ വാസ/ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 87/2015-16 തിയ്യതി 21.10.2015 നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നമ്പർ അനുവദിക്കണമെന്ന് അപേക്ഷ നൽകുകയും, അസി. എഞ്ചിനീയർ സ്ഥല പരിശോധന നടത്തി 07.08.2017- ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള സാനിറ്റേഷൻ, റാംബ്, ഭിന്നശേഷിയുള്ളവർക്ക് ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ നിർമ്മിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ

പരിഹരിക്കുന്നതിന് ഉടമസ്ഥന് കത്ത് നൽകുകയും (A2/5465/2017, 13.09.2017), നിർമ്മാണം പൂർത്തീകരിച്ച/ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന കക്ഷിയുടെ മറുപടിയുടെ (07.10.2017) അടിസ്ഥാനത്തിൽ നികുതി ചുമത്തി നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും, സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതെന്നും സംബന്ധിച്ച് സാങ്കേതിക പരിശോധന നടത്താതെ നമ്പർ അനുവദിച്ചത് ക്രമ പ്രകാരമല്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

*[ഓഡിറ്റ് എൻക്വയറി 11/04.02.2019- മറുപടി ലഭ്യമാക്കിയിട്ടില്ല]*

## 2-5 ഇ-ടെണ്ടർ -ടെണ്ടർ ഫീ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

2017-18 ൽ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ത്തിൽ ലഭ്യമാക്കേണ്ട തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. GO(MS) No.318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് പഞ്ചായത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടില്ല. ലഭ്യമാക്കാനുള്ള തുക സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. തുക ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യത കണക്കുകകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
2017-18 ലെ ടെണ്ടർ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | കോൺട്രാക്ടർ | ടെൻണ്ടർ ഫീ |
|---|---|---|---|
| (1)വനിത വിപണന കേന്ദ്രം പ്രൊജക്ട് നം-203/18 | 2198689 | രവി | 2625 |
| | | രാജേഷ് | 2625 |
| | | മമ്മദ് | 2625 |
| | | ബഷീർ | 2625 |
| (2) പകൽ വീട് നിർമ്മാണം പ്രൊജക്ട് നം-208/18 | 972527 | സഫറുള്ള | 2100 |
| | | രാജേഷ് | 2100 |
| (3)മിനി സിവിൽ സ്റ്റേഷൻ പ്രൊജക്ട് നം-192/18 | 5176197 | ബിജു | 2625 |
| | | രവി | 2625 |
| | | ഷമീർ | 2625 |
| | | ഷംസുദ്ധീൻ | 2625 |
| (4)വെറ്ററിനറി ഹോസ്പിറ്റൽ | 1000000 | റാഷിദ് | 2240 |

| | | | |
|---|---|---|---|
| | | | |
| | | അനീഷ് | 2240 |
| പ്രൊജക്ട് നം-253/18 | | ഉബൈദുള്ള | 2240 |
| | | ഫൈസൽ | 2240 |
| | | സഫറുള്ള | 2240 |
| (5)എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ പ്രൊജക്ട് നം-177/18 | 1307985 | ഇൻഡസ്സ് ഇ മാർക്കറ്റ് | 2000 |
| | | ആകെ | 36400 |

മേൽ പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാനുള്ള 36,400 രൂപ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -1/17-18/1.2.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല )

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വികസന ഫണ്ട് _ 15,97,600/- രൂപ വകമാറ്റി ചെലവഴിച്ചു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിക്ക് വേണ്ടി വികസന ഫണ്ട് [ജനറൽ-പട്ടികജാതി] വിഹിതം വകയിരുത്തുന്നത് കുട്ടികളുടെ എണ്ണത്തിന് ആനുപാതിക മായിരിക്കേണ്ടതാണ്. എന്നാൽ ജനറൽ/ പട്ടികജാതി കുട്ടികളുടെ എണ്ണം പരിഗണിക്കാതെ അങ്കണവാടി അനുപൂരക പോഷകാഹാരം പ്രൊജക്ടിന് വേണ്ടി പട്ടികജാതി വികസന ഫണ്ടിൽ നിന്നും 15,97,600/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾ പ്രകാരം ജനസംഖ്യയും ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 1 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ വിവരവും [2016-17] സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജനസംഖ്യ.

| ജനറൽ | എസ്.സി | എസ്.ടി | ആകെ | എസ്.സി % |
|---|---|---|---|---|
| 42079 | 6646 | 288 | 49013 | 13.56 |

കുട്ടികളുടെ എണ്ണം.

| ജനറൽ | | എസ്.സി | | എസ്.ടി | | ആകെ | | എസ്.സി % |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 2598 | 2423 | 301 | 262 | 6 | 8 | 2905 | 2693 | 10.06 |

പഞ്ചായത്തിലെ രേഖകൾ/ ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ എന്നിവ

പ്രകാരം പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ, കുട്ടികളുടെ എണ്ണം എന്നിവ യഥാക്രമം 13.56%, 10.06 % മാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം പട്ടികജാതി വികസന ഫണ്ട് 50% ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് (വികസന ഫണ്ട് ജനറൽ+ SCP) | | | പരമാവധി ചെലവഴിക്കാവുന്ന SCP വിഹിതം | അധികം ചെലവഴിച്ച SCP വിഹിതം |
|---|---|---|---|---|---|
| | ജനറൽ | SCP | ആകെ | | |
| 1.അങ്കണവാടി അനുപൂരക പോഷകാഹാരം(ജനറൽ)<br>2.അങ്കണവാടി അനുപൂരക പോഷകാഹാരം (SC) | 2,000,000 | 2,000,000 | 4,000,000 | 4,02,400 | 15,97,600 |

പട്ടികജാതി വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പട്ടികജാതി വികസന ഫണ്ടിൽ നിന്നും 15,97,600/- രൂപ വകമാറ്റി ചെലവഴിച്ചതിൻമേൽ സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 <u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല.</u>

| | |
|---|---|
| പ്രൊജക്ട് | : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. |
| നിർവ്വഹണ ഉദ്യോഗസ്ഥ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ചെലവ് | : 1400000/- (1200000 + 200000 DP) |

| | |
|---|---|
| പ്രൊജക്ട് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ [151/18] |
| അടങ്കൽ/ ചെലവ് | 2200000/2199975 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രൊജക്ട് പ്രകാരം ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് മൊത്തം 2199975/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിൽ ഉൾപ്പെടുത്തി ശാരീരിക വെല്ലുവിളികൾ നേരിടുന്ന 40 പേർക്കും, മാനസിക വെല്ലുവിളികൾ നേരിടുന്ന 108 പേർക്കും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കുറഞ്ഞ തുകയാണ് നൽകിയിട്ടുള്ളത് [ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും അനുവദിനീയമായതിന്റെ പരമാവധി നൽകിയിട്ടില്ല]. സർക്കാർ

ഉത്തരവ് പ്രകാരം നൽകാവുന്ന തുകയും, 2017-18 വർഷത്തിൽ പഞ്ചായത്തിൽ നിന്നും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥി പഠിക്കുന്ന ക്ലാസ് | വിദ്യാർത്ഥികളുടെ എണ്ണം | ഓരോ വിദ്യാർത്ഥിക്കും നൽകാവുന്ന തുക (വാർഷികം) | ഓരോ വിദ്യാർത്ഥിക്കും നൽകിയ തുക (വാർഷികം) | കുറവ് (വാർഷികം) |
|---|---|---|---|---|
| എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും | 108 | 28500 | 18100 | 10400 |

1123200/- രൂപ കൂടി പ്രൊജക്ടിൽ വകയിരുത്തിയിരുന്നെങ്കിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കാത്തതുമൂലം 4975830/- രൂപ 2017-18 വർഷത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. കൃത്യമായ പ്ലാൻ കോർഡിനേഷൻ ചെയ്തിരുന്നെങ്കിൽ പ്രൊജക്ട് റിവൈസ് ചെയ്ത് പരമാവധി നിരക്കിൽ സ്കോളർഷിപ്പ് നൽകാമായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി രൂപീകരണ സമയത്ത് ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഐ.സി.ഡി.എസ് സൂപ്പർവൈസർ കണക്കാക്കി തുക വകയിരുത്താത്തതും, പ്രൊജക്ട് റിവൈസ് ചെയ്യുന്ന സമയത്ത് പ്രസ്തുത വിഷയം പരിഗണിക്കാത്തതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 റൂഫിംഗ് ഷീറ്റിടുന്ന പ്രവൃത്തികൾ - കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു

ഗ്രാമപഞ്ചായത്ത് 2017-18 വർഷ ഓഡിറ്റിന്റെ ഭാഗമായി 5.2.2019, 6.2.2019 തിയ്യതികളിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ സൈറ്റുകൾ ഓഡിറ്റ് ടീം, ഗ്രാമപഞ്ചായത്ത് എഞ്ചിനിയറിംഗ് വിംഗ് ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധന നടത്തി. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയതിൽ നിന്നു വ്യത്യസ്തമായി .5 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിന് പകരവും .35 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിന് പകരവും .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്തതായി കണ്ടു. അളവ് രേഖപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്തതും തെറ്റായ രീതിയിലാണ്. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ഗുണമേന്മയിൽ പ്രവൃത്തി ചെയ്തില്ല എന്നതിന് പുറമെ .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്താൽ നൽകാവുന്നതിലും കൂടുതൽ നൽകിയ തുക ഗ്രാമപഞ്ചായത്തിനു നഷ്ടം വന്നിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

1.പ്രൊജക്റ്റ് - ഷാരിയിൽ അങ്കണവാടി പുനരുദ്ധരണം.(30/2018)

അടങ്കൽ - 100000/- രൂപ (M.G.N.R ) കൺവീനർ - ശ്രീമതി. ആസ്യ

കരാർ നം-133/AE LSGD/WDR/Dt.9.3.17 ആകെ പ്രവൃത്തി മൂല്യം - 99847/-രൂപ

ചെലവ് വിവരം – (1). വൗച്ചർ 42/30.3.17 - 49999/- രൂപ

(2). വൗച്ചർ 70/23.10.17 – 49848/- രൂപ

ഈ പ്രവൃത്തിയിലെ ഇനം (2) പ്രകാരം 0.50 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയലാണ്. എം. ബുക്ക് 133/16-17 പേജ് 5 പ്രകാരം 44.1 ചതുരശ്രമീറ്റർ 0.50 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ചതിന് ചതുരശ്ര മീറ്ററിന് 791.86 രൂപ നിരക്കിൽ 34921 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 0.30 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ടാണ് പ്രവൃത്തി ചെയ്തത്. അളവെടുത്തതും ചെക്ക് മെഷർ ചെയ്തതും 18.3.17 ന് ആണ്.

2. പ്രൊജക്റ്റ് - കുഴിച്ചിൽ അങ്കണവാടി മേൽക്കൂര പുനരുദ്ധരണം.(18/18)

അടങ്കൽ - 250000/- രൂപ (M.G.N.R ) കൺവീനർ - ശ്രീമതി. സലീമത്ത്

കരാർ നം - 157/AE LSGD/WDR/Dt.9.3.17

ആകെ പ്രവൃത്തി മൂല്യം - 237263/-രൂപ

ചെലവ് വിവരം -(1). വൗച്ചർ 218/30.3.18 - 237263/- രൂപ

അങ്കണവാടിയുടെ ആർ .സി.സി മേൽക്കൂരയുടെ മുകൾഭാഗത്ത് 0.35 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 0.35 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചതിനാണ് അളവ് പുസ്തകം 63/17-18 പേജ് 19 പ്രകാരം 75.25 ചതുരശ്ര മീറ്ററിന് 607.05 രൂപ നിരക്കിൽ 45680 രൂപ മൂല്യം കണക്കാക്കിയിട്ടുള്ളത്. എന്നാൽ 0.30 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചാണ് പ്രവൃത്തി ചെയ്തത്.

3. പ്രൊജക്റ്റ് - ജി.എൽ.പി.സ്കൂൾ പൂക്കുളം മെസ് ഹാൾ നിർമ്മാണം (22/18)

അടങ്കൽ - 400000/- രൂപ (M.GN.R) കൺവീനർ -ശ്രീമതി. വിജയകുമാരി കെ.പി.

കരാർ - 73/AE LSGD/WDR/Dt.2.2.17

ആകെ പ്രവൃത്തി മൂല്യം - 399850

പെയ്മെന്റ് വിവരം - വൗച്ചർ 100/23.1.18 - 399850

മെസ്ഹാൾ ട്രസ് വർക്ക് ചെയ്ത് 0.35 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എം.ബുക്ക് (നമ്പർ ഇല്ല) പേജ് 22 പ്രകാരം 141.8 ചതുരശ്ര മീറ്റർ 0.35 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചതിന് 559 രൂപ നിരക്കിൽ 79226 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ .3 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചാണ് പ്രവൃത്തി ചെയ്തത്.

4. പ്രൊജക്റ്റ് - ജി.എൽ.പി.സ്കൂൾ പൂക്കുളം പാചകപ്പുര നിർമ്മാണം(122/18)

അടങ്കൽ - തനത് ഫണ്ട് 300000 രൂപ

കൺവീനർ - വിജയകുമാരി കെ.പി.

കരാർ - 143/AE LSGD/WDR/Dt.13.3.17

ആകെ പ്രവൃത്തി മൂല്യം - 273701

പെയ്മെന്റ് വിവരം - വൗച്ചർ 111/12.2.18 - 273701 രൂപ .

പാചകപ്പുര ട്രസ് വർക്ക് ചെയ്ത് 0.35 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എം.ബുക്ക് (നമ്പർ ഇല്ല) പേജ് 36 പ്രകാരം 30 ചതുരശ്ര മീറ്റർ 0.35 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചതിന് 559 രൂപ നിരക്കിൽ 16770 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ .3 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചാണ് പ്രവൃത്തി ചെയ്തത്.

5.പ്രൊജക്റ്റ് - ജി.എൽ.പി.സ്കൂൾ ഷാന്തിനഗർ മെസ്ഹാൾ നിർമ്മാണം (21/18)

അടങ്കൽ - റോഡിതര സംരക്ഷണ ഗ്രാന്റ് 250000 രൂപ

കൺവീനർ - ശ്രീ. ബാബു രാജൻ

കരാർ - 62/AE LSGD/WDR/Dt.28.1.17

ആകെ പ്രവൃത്തി മൂല്യം - 399107

പെയ്മെന്റ് വിവരം - വൗച്ചർ 99/23.1.18 - 399107

ഈ പ്രൊജക്റ്റിൽ മെസ്ഹാളിന്റെ മേൽക്കൂര 0.50 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അളവ് പുസ്തകം 62/16-17പേജ് 20 ൽ 0.50 എം.എം. കനമുള്ള ഷീറ്റുപയോഗിച്ചതിന് 75.9 ചതുരശ്ര മീറ്ററിന് 791.86 നിരക്കിൽ 60102 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 0.45 എം.എം. കനമുള്ള ഷീറ്റുപയോഗിച്ച് പ്രവൃത്തി ചെയ്തതായി കണ്ടു.

6. പ്രൊജക്റ്റ് - റിഹാബിലിറ്റേഷൻ സെന്റർ പൂർത്തീകരണം (206/18)
അടങ്കൽ - പൊതു വികസനഫണ്ട് 49500 രൂപ

കോൺട്രാക്ടർ - ശ്രീ. നൂറുൽ ഹസ്സൻ.

കരാർ - 53/AE LSGD/WDR/30.11.17

ആകെ പ്രവൃത്തി മൂല്യം - 493149

പെയ്മെന്റ് വിവരം - വൗച്ചർ 222/30.3.18 - 493149

എസ്റ്റിമേറ്റിലെ ഇനം 19 പ്രകാരം നിലവിലുള്ള ഒറ്റ നില കെട്ടിടവും മുറ്റവും കവർ ചെയ്ത റിഹാബിലിറ്റേഷൻ സെന്റർ കോമ്പൗണ്ട് മുഴുവൻ സ്റ്റീൽ ട്രസ് വർക്കിൽ 0.35 എം.എം. കനമുള്ള അയേൺ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയുന്നതിന് തുക വകയിരുത്തി. അളവ് പുസ്തകം 103/17-18 പേജ് 16 പ്രകാരം 0.35 എം.എം. കനമുള്ള ഷീറ്റ് 240.25 ചതുരശ്ര മീറ്ററിന് 623.49 രൂപ നിരക്കിൽ 149793 രൂപ കണക്കാക്കി നൽകി. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയതിൽനിന്നു വ്യത്യസ്തമായി 0.35 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിന് പകരം 0.3 എം.എം. കനമുള്ള ഷീറ്റുപയോഗിച്ച് പ്രവൃത്തി ചെയ്തതായി കണ്ടു.

2014 ഡി.എസ്.ആർ 36.19 കോസ്റ്റ് ഇൻഡക്സും 7.5 ശതമാനം ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളിൽ 0.35 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിന്

കഴിച്ചിൽ അങ്കണവാടി പുനരുദ്ധരണം പ്രവൃത്തിയിൽ ചതുരശ്ര മീറ്ററിന് 607.05 രൂപ നിരക്കിലും ജി.എൽ.പി.സ്കൂൾ പൂക്കുളം പാചകപ്പുര നിർമ്മാണം, മെസ്ഹാൾ നിർമ്മാണം പ്രവൃത്തികളിൽ 559 രൂപ നിരക്കിലുമാണ് മൂല്യം കണക്കാക്കിയത്.

ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി തെറ്റായി അളവെടുത്തു അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക കണക്കാക്കി തിരിച്ചടക്കേണ്ടതുമാണ്. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 24/8.2.18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല)

## 3-4 സിമന്റ് ഇന്റർലോക്കിംഗ് കട്ട വിരിക്കൽ - തുക അധികം നൽകി

പൊതു വികസനഫണ്ട് 495000 രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റിഹാബിലിറ്റേഷൻ സെന്റർ പൂർത്തീകരണം (206/18) എന്ന പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനം (32) മുറ്റം സിമന്റ് ഇന്റർലോക്കിംഗ് കട്ട വിരിക്കലാണ്. കരാർ നമ്പർ 53/AE LSGD/WDR/30.11.17 പ്രകാരം കോൺട്രാക്റ്റർ ശ്രീ. നൗറൽ ഹസ്സൻ എസ്റ്റിമേറ്റ് നിരക്കിൽ ആണ് പ്രവൃത്തി ചെയ്തത്. അളവ് പുസ്തകം 104/17-18 പേജ് 1 പ്രകാരം ഈ ഇനം പ്രവൃത്തിക്ക് 95.2 ചതുരശ്ര മീറ്ററിന് 890.99 രൂപ നിരക്കിൽ 84822 രൂപ കണക്കാക്കി വൗച്ചർ നമ്പർ 222/30.3.18 പ്രകാരം ആകെ പ്രവൃത്തി മൂല്യമായ 493149/- രൂപ നൽകി. അളവ് പുസ്തകം 102/17-18 പേജ് 18 ൽ 1.3.2018 ന അളവെടുക്കുകയും 23.2.18 ന ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഈ പ്രവൃത്തി 75.4 ചതുരശ്ര മീറ്റർ മാത്രമാണ് ചെയ്തത് എന്നു കണ്ടു. ആയത് പ്രകാരം നൽകാവുന്നത് 67181 /- രൂപ (75.4 x 890.99 ) മാത്രമാണ്. അധികം നൽകിയ 17641രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/8.2.19 -ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-5 പരിരക്ഷ: മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | പരിരക്ഷ (പാലിയേറ്റീവ് കെയർ)[156/18] |
| അടങ്കൽ/ ചെലവ് | 739399/75000 |
| ബിൽ നമ്പർ/ തിയ്യതി | 03/2017-18, 21.03.2018 [ഭാഗികം] |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പരിരക്ഷ പാലിയേറ്റീവ് കെയർ പ്രൊജക്ട് പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് KMSCL മാനേജർക്ക് 254399/- [യഥാക്രമം 100000/-, 154399/-] രൂപ നൽകിയിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള മരുന്നുകളും ഉപകരണങ്ങളുമാണ് നാളിതുവരെ [02.02.2019] ലഭിച്ചിട്ടുള്ളത്.

| വിവരണം | ആകെതുക | ലഭിച്ചത് | ഇൻവോയിസ് നം | അവശേഷിക്കുന്നത് |
|---|---|---|---|---|
| മരുന്നുകൾ | 100000 | 84382 | 6026/4.8.18, 9695/1.10.18, 13275/24.11.18, 13652/29.11.18, | 15618 |

| | | | | |
|---|---|---|---|---|
| | | | 14427/19.12.18 | |
| ഉപകരണങ്ങൾ | 154399 | 58805 | 6022/4.8.18, 13253/29.11.18, 13254/24.11.18 | 95594 |
| അകെ | 254399 | 143187 | ----- | 111212 |

പാലിയേറ്റീവ് കെയർപോലെ വളരെ അടിയന്തിര സ്വഭാവമുള്ള പ്രൊജക്ടുകളിൽ മരുന്നുകളും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിലെ കാലതാമസം അഭിലഷണീയമല്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ [11/18] |
| ചെലവ്/അടങ്കൽ | 58500/60000 [നോൺ റോഡ്] |
| ബിൽ നമ്പർ/ തിയ്യതി | 02/2017-18, 06.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ച് max it Tech, Wandoor എന്ന സ്ഥാപനത്തിൽ നിന്നും ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം Intel Dual Core 7$^{th}$ Generation പ്രൊസസറുള്ള കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് തുക നൽകിയിട്ടുള്ളത്. ഓഡിറ്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് 31.01.2019-ന് പ്രസ്തുത കമ്പ്യൂട്ടർ പരിശോധിക്കുകയും, Intel (R) Pentium (R) പ്രൊസസർ ഉള്ള കമ്പ്യൂട്ടറാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതെന്നും ആയത് പഴയ മോഡൽ ആണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യാതെ സ്ഥാപനത്തിന് തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [04/01.02.2019] മറുപടി ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ പ്രകാരമുള്ള പ്രൊസസറോട് കൂടിയ കമ്പ്യൂട്ടർ ലഭ്യമാക്കുകയും ആയത് പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തി വിവരം ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പ്രഥമ മറുപടിയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം Intel Dual Core 7$^{th}$ Generation പ്രൊസസറുള്ള കമ്പ്യൂട്ടറിന്റെ തുക കണക്കാക്കി ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതാണ്.

## 3-7 പട്ടിക ജാതിക്കാരായ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ പ്രൊജക്ടിലെ അപാകതകൾ

പ്രൊജക്ട് - പട്ടിക ജാതിക്കാരായ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ

പ്രൊജക്റ്റ് നം. : 177/18 അടങ്കൽ - 13,07,985 (എസ്.സി.പി)

ബിൽ നം. 08/13-03-18 : 12,43,900/- നിർവ്വഹണം -അസി.സെക്രട്ടറി

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് മേൽ പ്രൊജക്റ്റ് പ്രകാരം 50 ലാപ്ടോപ്പുകൾ വിതരണം ചെയ്തതിൻെറ വിലയായ 12,43,900 രൂപ ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ, കൊണ്ടോട്ടിക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്റ്റിൻെറ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു :

1. ലഭ്യമാക്കിയ ലാപ്ടോപ്പിൻെറ ഗുണനിലവാരം ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റൻറ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ ടെണ്ടർ സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയ 4 USB portകൾക്ക് പകരം 3 USB portകൾ ഉള്ള ലാപ്ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്.

2. ടെണ്ടറിൽ പങ്കെടുത്ത ഇൻഡസ്-ഇ-മാർക്കറ്റ് അടവാക്കിയ ടെണ്ടർ ഫോറം വില (2,000 + 12% GST) ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്റ്റ് : നെൽ കൃഷിക്ക് കൂലിച്ചെലവിനുള്ള സബ്സിഡി നൽകൽ

പ്രൊജക്റ്റ് നം. : S171/18 അടങ്കൽ : 8,19,400

ബിൽ നം. 03/30-01-2018 തുക : 3,94,400/-രൂപ

(2)പ്രൊജക്റ്റ് : നെൽ കൃഷിക്ക് ജൈവവളത്തിന് സബ്സിഡി നിർവ്വഹണം -കൃഷി ഓഫീസർ

നം. : S172/18 അടങ്കൽ : 17,50,000

ബിൽ നം. 021/20-01-2018 തുക : 5,25,000/-

തൊഴിലാളി ക്ഷാമം നേരിടുന്ന നെൽ കർഷകരെ സഹായിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ നെൽ കർഷകർക്കും ജൈവവളത്തിന് സബ്സിഡി, കൂലിചെലവ് സബ്സിഡി എന്നിവ അനുവദിക്കുന്നതിനാണ് കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ. ആയവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :

1). എത്ര ഏരിയ വീതം ഏതെല്ലാം സീസണിൽ കൃഷി ചെയ്തുവെന്ന് വ്യക്തമല്ല. കൃഷി ചെയ്തുവെന്ന് കൃഷി ഓഫീസർ ഉറപ്പാക്കിയിട്ടില്ല. കൂടാതെ, എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സേവനം ഉപയോഗപ്പെടുത്തിയതായും കാണുന്നില്ല.

2). സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം. 80/2017/ത.സ്വ.ഭ.വ/തി.03.04.17 പ്രകാരം കൃഷിവകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളത്തിന് മുൻഗണന നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല.

3). പദ്ധതി മോണിറ്ററിംഗ് നടത്തിയതിൻെറ വിവരം ലഭ്യമല്ല.

4). സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം. 80/2017/ത.സ്വ.ഭ.വ/തി.03.04.17 പ്രകാരം

നാമമാത്ര, ചെറുകിട കർഷകർക്ക് മാത്രമാണ് ധനസഹായം ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ, സ്വന്തമായി 2.278 ഹെക്ടർ ഭൂമി ഉള്ള ശ്രീ. യു.സി.നാരായണൻ നമ്പൂതിരിക്ക് കൂലിച്ചെലവ് ഇനത്തിൽ 6,800 രൂപയും, ജൈവവളത്തിന് സബ്സിഡി ഇനത്തിൽ 8,400 രൂപയും നൽകിയിട്ടുണ്ട്. ക്രമപ്രകാരമല്ലാതെ നൽകിയ 15,200 രൂപ (6800 + 8400) തിരികെ ഈടാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-9 വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട് : സർക്കാർ സ്കൂളുകളിലേക്ക് ബേബി ചെയറുകൾ വാങ്ങൽ

പ്രൊജക്ട് നം. : S202/18 അടങ്കൽ : 1,33,000 (MG-NR)

ബിൽ നം.1/22-02-2018 : 1,33,000 നിർവ്വഹണം -ഹെഡ്മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്കായി 434 കസേരകൾ ഗ്രാൻഡ് ഫർണിച്ചർ, വണ്ടൂർ വിതരണം ചെയ്തിട്ടുണ്ട്. കസേരകൾ വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും ജി.ഒ.(പി)നം. 03/2013/എസ്.പി.ഡി./21-06-2013 -ാം നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.19 പ്രകാരം 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് (6,650 രൂപ) ഈടാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

(1)സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്കായി 30,99,900 രൂപ ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | ബിൽ നം./ തിയ്യതി | തുക | തുക അടവാക്കിയ സ്ഥാപനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| എസ്.എസ്.എ വിഹിതം നം. S147/18 അടങ്കൽ : 3000000/- | 01/30.6.2017 | 3000000 | എസ്.എസ്.എ | വിശദമായ വിനിയോഗ സാക്ഷ്യപത്രം. |
| പഞ്ചായത്ത് മാർക്കറ്റ് ത്രീ ഫേസ് നം. S376/18 അടങ്കൽ50000/- | വൗച്ചർ 21700333/ 20.5.17 | 49900/- | KSEB | വിശദമായ വിനിയോഗ സാക്ഷ്യപത്രം. |

| | | | | |
|---|---|---|---|---|
| | | | | |
| അംഗനവാടി വാട്ടർ കണക്ഷൻ<br>നം. S160/18<br>അടങ്കൽ50000/- | 16/16.1.2018 | 50000 | KWA | വിശദമായ വിനിയോഗ സാക്ഷ്യപത്രം. |
| | ആകെ | 3099900/- | | |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ 3099900/- രൂപ തടസ്സം ചെയ്യുന്നു.

(2)വി.ഇ.ഒ. നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്ത്, വണ്ടൂരിന് 15,91,750 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | ബിൽ നം./തിയ്യതി | തുക | തുക അടവാക്കിയ സ്ഥാപനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| ലൈഫ് മിഷൻ - ഗ്രാമപഞ്ചായത്ത് വിഹിതം(ജനറൽ)<br>നം. S183/18<br>അടങ്കൽ : 5,91,750/- | 05/18-01-18 | 5,91,750 | ബ്ലോക്ക് പഞ്ചായത്ത്, വണ്ടൂർ | വിശദമായ വിനിയോഗ സാക്ഷ്യപത്രം. |
| ലൈഫ് മിഷൻ - ഗ്രാമപഞ്ചായത്ത് വിഹിതം (എസ്.സി.)<br>നം. S184/18<br>അടങ്കൽ : 10,00,000/- | 06/18-01-18 | 10,00,000 | ബ്ലോക്ക് പഞ്ചായത്ത്, വണ്ടൂർ | വിശദമായ വിനിയോഗ സാക്ഷ്യപത്രം. |
| | ആകെ | 15,91,750 | | |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ 15,91,750 രൂപ തടസ്സം ചെയ്യുന്നു.
(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -17/17-18/6.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-11 ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ചെലവ് വിവരം | ബിൽനം. | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | പ്രൊജക്റ്റ് - നെൽവിത്ത് വിതരണം<br>നം. : S0170/18 | 01/12-01-18 | 1,28,000<br>(3,200 കി.ഗ്രാം ജ്യോതി വിത്തിൻെറ വില) | കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെൻറ് അതോറിറ്റി, തൃശ്ശൂരിൽ നിന്നുള്ള രശീതി |
| 2 | പ്രൊജക്റ്റ് - ഫല വൃക്ഷത്തൈകൾ വിതരണം<br>നം. : S0169/18 | 07/14-03-18<br>ചെക്ക് നം.<br>5772534/ 28-2-18 | 47,850<br>15,950 | അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, ആനക്കയത്തിൽ നിന്നുള്ള രശീതി |
| | | ആകെ | 1,91,800 | |

രേഖകൾ ഹാജരാക്കുന്നത് വരെ 1,91,800/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 അങ്കണവാടികൾക്ക് ഫർണിച്ചറും കളി ഉപകരണങ്ങളും വാങ്ങൽ.

| | |
|---|---|
| പ്രൊജക്റ്റ് | അങ്കണവാടികൾക്ക് ഫർണിച്ചറും കളി ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ/ ചെലവ് | 200000/192745 Bill No. 13/2017-18, 24.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് KIDS CAPM, Malappuram എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ ചേർത്ത ഫർണിച്ചറുകളും, കളി ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഫർണിച്ചർ/കളി ഉപകരണം | എണ്ണം | തുക | ആകെ |
|---|---|---|---|---|
| 1 | ബേബി ചെയർ | 267 | 305 | 81435 |
| 2 | ഫൈബർ സ്ലൈഡർ | 10 | 4390 | 43900 |
| 3 | അലമാര | 9 | 7490 | 67410 |
| ആകെ | | | | 192745 |

ടെണ്ടർ പ്രകാരം സ്ഥാപനം Supreme എന്ന ബ്രാന്റ് 319 രൂപ നിരക്കിൽ ക്വാട്ട് ചെയ്യുകയും,

പഞ്ചായത്തുമായി നടത്തിയ നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ 305/- രൂപ നിരക്കിൽ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അങ്കണവാടികൾ പരിശോധിച്ചതിൽ Chairman എന്ന ബ്രാന്റാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. (പ്രാദേശിക പരിശോധന 05-02-2019 – ടൗൺ അങ്കണവാടി) ആയതിന് സ്ഥാപനം 199 രൂപയായിരുന്നു ക്വാട്ട് ചെയ്തിരുന്നത്. സപ്ലൈ ഓഡർ പ്രകാരമുള്ള ചെയർ ലഭ്യമാക്കാത്തത് മൂലം ഒരു ബേബി ചെയറിന്മേൽ 106/- നിരക്കിൽ [305-199=106] മൊത്തം 28302/- രൂപയുടെ [106*267] നഷ്ടം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്.

മേൽ ഓഡിറ്റ് പരാമർശത്തിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ Chairman കമ്പനിയുടെ Supreme എന്ന ബ്രാന്റാണ് വിതരണം ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. Chairman, Supreme എന്നിവ രണ്ട് കമ്പനികളാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മറുപടി വസ്തുതാപരമല്ല.

സപ്ലൈ ഓഡർ പ്രകാരമുള്ള ബേബി ചെയർ ലഭ്യമാക്കുകയും ആയത് സാക്ഷ്യപ്പെടുത്തി വിവരം ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പ്രഥമ മറുപടിയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം 28302/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. (ഓഡിറ്റ് എൻക്വയറി 25/8-2-2019).

## 3-13 പാലിയേറ്റീവ് കെയർ - മാർഗ്ഗരേഖ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രാഥമിക പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വണ്ടൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ 2017-18 പ്രവർത്തനം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ 2017-18 വർഷത്തിലെ പി.എം.സി യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത് [25.01.2018].

2. പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽവെച്ച് ഓരോ മാസത്തിലും അവലോകന യോഗങ്ങൾ നടത്തേണ്ടതും യോഗത്തിൽ മുൻ മാസം നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും വരവ് ചെലവുകണക്കുകളും പരിരക്ഷാ നഴ്സ് അവതരിപ്പിക്കേണ്ടതുമാണ്. കൂടാതെ അടുത്ത മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ എഴുതി തയ്യാറാക്കേണ്ടതും റിപ്പോർട്ടും കണക്കും ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടായിട്ടില്ല.

3. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ്

പാലിയേറ്റീവ് കെയർ പ്രൊജക്ടുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ –വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ഈ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സിൽ ഇപ്രകാരമുള്ള അജണ്ടയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗ തീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല.
6. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് മേൽ പരാമർശങ്ങളിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, ബന്ധപ്പെട്ട സ്റ്റാന്റിംഗ്, പഞ്ചായത്ത് ഭരണ സമതികളോട് ശുപാർശ ചെയ്യുന്നു.

## 3-14 പ്രിന്റിങ് -നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല

2017-18 ൽ വിവിധ പ്രിന്റിങ് പ്രവർത്തികൾക്ക് തുക നൽകിയതിൽ നിയമാനുസൃത നികുതി ഈടാക്കുകയോ രജിസ്ട്രേഷനോടുകൂടിയ ബില്ല് ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ

| വൗച്ചർ നമ്പർ/തീ | തുക | എജൻസി |
|---|---|---|
| 21700119/23.5.17 | 22200 | മോഡേൺ ഓഫ്സെറ്റ്, വണ്ടൂർ |
| 21700101/10.5.17 | 20000 | - ടി- |
| 21700239/10.7.17 | 65495 | - ടി- |
| 21700315/10.8.17 | 17300 | - ടി- |
| 21700427/20.9.17 | 62330 | - ടി- |
| 21700466/5.10.17 | 9500 | - ടി- |
| 21700564/10.11.17 | 9500 | - ടി- |
| 21700749/28.12.17 | 19230 | - ടി- |
| 21701120/21.3.18 | 8050 | - ടി- |
| ആകെ | 233605 | |

ക്വട്ടേഷൻ നൽകിയ മോഡേൺ പ്രിന്റിങ് പ്രസ്സ്, വണ്ടൂർ സമർപ്പിച്ചിട്ടുള്ള ബില്ലുകൾ GST രജിസ്ട്രേഷൻ നമ്പർ ഇല്ലാത്ത ബില്ലുകളാണ്. 18 % (9 GST +9 SGST) ഈടാക്കി അടവാക്കേണ്ടതാണ്.
(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -9/17-18/2.2.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-15 പ്രൊജക്ട് അംഗീകാരം വാങ്ങാതെ പർച്ചേസ് നടത്തി

ഒരോ തദ്ദേശഭരണ സ്ഥാപനവും അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 13-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിൻജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തുക വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ താഴെപ്പറയുന്ന ചെലവ് മാർഗ്ഗ നിർദ്ദേശം പാലിക്കാതെയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| വൗച്ചർ നമ്പർ -21700332 | തുക -31325/- (തനത് ഫണ്ട്) |
| ചെലവ് വിവരം<br>5 ക്യാമറയോടുകൂടിയ സി.സി.ടി.വി ക്യാമറയും അനുബന്ധ ഉപകരണങ്ങളും | വിതരണം – ON LINE IT SHOP വണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന വാങ്ങി |

പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയും പ്രൊക്യൂർമെൻറ് മിനിറ്റ്സിൽ പർച്ചേസ് വിവരം രേഖപ്പെടുത്താതെയും വാങ്ങിയത് ക്രമപ്രകാരമല്ല. തുക തടസ്സപ്പെടുത്തുന്നു. (പ്രൊജക്ട് നം-7/18 പ്രകാരം ഉപകരണങ്ങൾ വാങ്ങാൻ പ്രൊജക്ട് ഉണ്ടായിരുന്നിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് വാങ്ങൽ നടത്തിയത്.

(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -18/17-18/6.2.2019) ലഭ്യമാക്കിയ മറുപടിയിൽ നികുതി സംബന്ധിച്ച രേഖകൾ ഹാജരാക്കി "കാലതാമസം ഒഴിവാക്കാൻ പ്രൊജക്ട് വച്ചില്ലെന്ന" മറുപടി തൃപ്തികരമല്ല). സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-16 മെറ്റീരിയൽ പർച്ചേസ് -നികുതി അടവാക്കിയിട്ടില്ല

2017-18 തൊഴിലുറപ്പ് പദ്ധതിയ്ക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത (ടെണ്ടർ മുഖേന) വകയിൽ ലേബർ കോൺട്രാക്ടർ ശ്രീ. മുഹമ്മദ് ബഷീർ എന്നയാൾക്ക് (GSTIN നമ്പർ -32BFDPM9721B1ZU) തുക നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തി | ആകെ തുക | ഇൻവോയിസ് നമ്പർ/ തീയതി | ടാക്സ് |
|---|---|---|---|
| മുസ്ലീം റോഡ് (W-15 ) | 85150.65 | 07/25.3.2018 | 10205.65 |
| കുരിയോടൻ പടി റോഡ് (W-5 ) | 142465.90 | 06/14.3.2018 | 17103.86 |
| നെല്ലിക്കുന്ന് റോഡ് (W-12) | 100782.90 | 03/6.2.2018 | 12111.87 |
| മരക്കളംകുന്ന് റോഡ് (W-14 ) | 143222.90 | 05/20.3.2018 | 17344.94 |
| ചെട്ടിയാറമ്മൽ റോഡ് (W-13) | 138232.90 | 04/14.2.2018 | 16628.92 |

| | | | |
|---|---|---|---|
| പാലമരം റോഡ് (W-4 ) | 138536.90 | 02/7.3.2018 | 17531.85 |
| | | | 90927.09 |

1.മെറ്റീരിയൽ സപ്ലൈ കോൺട്രാക്ട് ലൈസൻസ് പകർപ്പ് ലഭ്യമാക്കിയിട്ടില്ല

2. റിക്കവറി ചെയ്ത GST അടവ് വിവരം (2017-18 ലെ റിട്ടേൺ വിവരം) ലഭ്യമാക്കിയിട്ടില്ല.

3.ബില്ലിൽ നിന്നും റിക്കവറി നടത്താതെ നൽകിയ 90927.09/-രൂപയുടെ അടവ് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം- ) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കി അടവാക്കേണ്ടതാണ്.
(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -20/17-18/6.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-17 ആശ്രയ പദ്ധതി -അവലോകനം

ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ മുഖേന തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന ആശ്രയ പദ്ധതിയുടെ മേൽനോട്ടം അതാത് പഞ്ചായത്തുകളിലെ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റികളിൽ നിക്ഷിപ്തമാണ്. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രേഡിങ് നടത്തി അതിനനുസരിച്ചുള്ള ഘടക പദ്ധതികൾ ആവിഷ്ക്കരിച്ച് വികസന സ്റ്റാന്റിങ് കമ്മിറ്റിയിലേക്ക് പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതും ആയത് അംഗീകരിച്ച് ഫണ്ട് ലഭ്യത അനുസരിച്ച് സമയബന്ധിതമായി ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് (കുടുംബശ്രീ ചെയർപേഴ്സൺ മുഖേന) നിർദ്ദേശങ്ങൾ നൽകുന്നതും വാർഷിക മോണിട്ടറിങ് നടത്തുന്നതും ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെടും. 2017-18 ലെ നിർവ്വഹണം പരിശോധിച്ചതിൽ മുമ്പ് ഗുണഭോക്താക്കൾക്ക് നൽകിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യകിറ്റ് വിതരണം മാത്രം നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റിയോ സി.ഡി.എസ്സോ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു.

സി.ഡി.എസ്സിൻെറ വിവിധ അക്കൗണ്ടുകളിലായി 2123060/- രൂപയോളം ചെലവഴിക്കപ്പെടാതെ നിലനിൽക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കാത്തത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെയും സി.ഡി.എസ്സിൻെറയും അനാസ്ഥയായി കരുതപ്പെടുന്നു. പ്രത്യേക പ്രൊജക്ടു മുഖേന പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 314536/-രൂപ നാളിതുവരെ ചെലവഴിക്കപ്പെടുകയോ തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് ഭരണസമിതിയും സ്റ്റാന്റിങ് കമ്മിറ്റിയും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
2017-18 ൽ 2 പ്രൊജക്ടുകൾ അംഗീകാരം വാങ്ങിയെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-18 പഞ്ചായത്ത് വക ഇൻസിനറേറ്റർ റിപ്പയർ -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം-158/18 ഇൻസിനറേറ്റർ റിപ്പയർ | അടങ്കൽ -300000 (CFC ഗ്രാന്റ് ) |
| ചെലവ് -219000/- രൂപ | ബിൽ നം-20/17-18/16.1.18 |
| നിർവ്വഹണം -സെക്രട്ടറി | |

പഞ്ചായത്തിൻെറ കീഴിലുള്ള (പഴയ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ) ഇൻസിനറേറ്റർ

റിപ്പയർ ചെയ്ത വകയിൽ തുക നൽകിയതിൻെറ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഇൻസിനറേറ്ററിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൻെറ അനുമതി ലഭ്യമാക്കിയിട്ടില്ല

2.പ്രൊജക്ടിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല .

3.കോൺട്രാക്ടർ സമർപ്പിച്ച ബില്ല് വാല്യേഷൻ നടത്തിയിട്ടില്ല .

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കതെയും ബില്ല് വാല്യേഷൻ നടത്താതെയും തുക അനുവദിച്ചത് ക്രമപ്രകാരമല്ല. തുക തടസ്സപ്പെടുത്തുന്നു (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -26/17-18/8.2.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല )

## 3-19 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ്-സംയുക്ത പരിശോധന നടത്തണം

ഗ്രാമ പഞ്ചായത്ത് 2017-18 ൽ KSEB യുടെ 2 ഡിവിഷനുകളിലായി താഴെ പറയും വിധം തെരുവ് വിളക്ക് ചാർജ്ജ് അടവാക്കി വരുന്നു. എന്നാൽ ആസ്തി രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. KSEB യുടെ ഡിമാന്റ് കൃത്യമാണോ എന്ന് പരിശോധിക്കാതെയാണ് തുക നൽകുന്നത്. 2017-18 വാർഷിക റിപ്പോർട്ടിൽ 1050 സി.എഫ്.എൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി ഡിമാന്റ് പ്രകാരം 453 സി.എഫ്.എൽ മാത്രമേ ഉള്ളു. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യത നിജപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ ചാർജ്ജ് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| മാസം | KSEB-ഡിവിഷൻ | വൗച്ചർ | തുക |
|---|---|---|---|
| 4/2017 | വാണിയമ്പലം | 201700036/17.4.17 | 8478 |
| | വണ്ടൂർ | 201700037/17.4.17 | 8598 |
| 5/2017 | വാണിയമ്പലം | 201700094/10.5.17 | 8610 |
| | വണ്ടൂർ | 201700095/10.5.17 | 9030 |
| 6/2017 | വാണിയമ്പലം | 201700169/12.6.17 | 19824 |
| | വണ്ടൂർ | 201700170/12.6.17 | 20103 |
| 7/2017 | വാണിയമ്പലം | 201700246/10.7.17 | 19824 |

| | | | |
|---|---|---|---|
| | വണ്ടൂർ | 201700247/10.7.17 | 20103 |
| 8/2017 | വാണിയമ്പലം | 201700310/10.8.17 | 19824 |
| | വണ്ടൂർ | 201700311/10.8.17 | 20103 |
| 9/2017 | വാണിയമ്പലം | 201700411/11.9.17 | 19824 |
| | വണ്ടൂർ | 201700411/11.9.17 | 20103 |
| 10/2017 | വാണിയമ്പലം | 201700482/9.10.17 | 19824 |
| | വണ്ടൂർ | 201700482/9.10.17 | 20103 |
| 11/2017 | വാണിയമ്പലം | 201700566/10.11.17 | 19824 |
| | വണ്ടൂർ | 201700566/10.11.17 | 20103 |
| 12/2017 | വാണിയമ്പലം | 201700632/11.12.17 | 19824 |
| | വണ്ടൂർ | 201700037/11.12.17 | 20103 |
| 1/2018 | വാണിയമ്പലം | 201700802/16.1.17 | 20103 |
| | വണ്ടൂർ | 201700800/16.1.17 | 19824 |
| 2/2018 | വാണിയമ്പലം | 201700992/20.2.18 | 20103 |
| | വണ്ടൂർ | 201700992/20.2.18 | 19824 |
| 3/2018 | വാണിയമ്പലം | 201701072/9.3.18 | 20103 |
| | വണ്ടൂർ | 2017001073/9.3.18 | 19824 |

## 3-20 പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തണം

വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകൾക്ക് പ്രതിമാസം 94 ടാപ്പുകൾക്ക് 41125/-രൂപ വീതം അടവാക്കിയതായി കാണുന്നു. 2015 ൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ ടാപ്പുകളുടെ സംയുക്ത പരിശോധന വിവരം പ്രകാരം 94 ടാപ്പുകൾ നിലവിലുള്ളതായി കാണുന്നു. നിലവിൽ ഇത്രയും ടാപ്പുകൾ പ്രവർത്തനക്ഷമമാണോ എന്ന് സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ | തുക |
|---|---|---|
| 4/2017 | ഇല്ല | ഇല്ല |
| 5/2017 | ഇല്ല | ഇല്ല |
| 6/2017 | ഇല്ല | ഇല്ല |
| 7/2017 | 21700249/12.7.2017 | 123375 |
| 8/2017 | 21700274//21.8.2017 | 41125 |
| 9/2017 | 21700409/12.9.2017 | 41125 |
| 10/2017 | 21700505/19.10.2017 | 41125 |
| 11/2017 | ഇല്ല | ഇല്ല |
| 12/2017 | 21700753/28.12.2017 | 82250 |
| 1/2018 | ഇല്ല | ഇല്ല |
| 2/2018 | ഇല്ല | ഇല്ല |
| 3/2018 | ഇല്ല | ഇല്ല |

## 3-21 മരാമത്ത് പ്രവർത്തികൾ - അവലോകനം

2017-18 -ൽ വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ള 317 പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. 105 പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. 76561835/-രൂപയുടെ അടങ്കലിൽ 49499171/-രൂപയുടെ ചെലവ് നടത്തിയിട്ടുണ്ട്. (65 %) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 4 യോഗമാണ് കൂടിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പദ്ധതികളിൽ അംഗീകാരം ലഭ്യമായവ സമയബന്ധിതമായി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. എന്നാൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കേണ്ടതും ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപ്പണിയും ഉൾക്കൊള്ളിക്കേണ്ടതുമാണ്.

കൺവീനർ വർക്ക് അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ ആയും പുതിയ പ്രൊജക്ടുകളായും ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. കേരള പഞ്ചായത്ത്രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല. പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവർത്തിക്കും സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല. സംയുക്ത പാൻകാർഡ് ഹാജരാക്കിയിട്ടില്ല. ആദായ നികുതി 2ശതമാനം നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. വരവ് ചെലവു കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സമിതിയുടെ മിനിറ്റ്സ് വരവ് ചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി ക്ലോസ്സ് ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകൾ അപൂർണ്ണം

അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ വൗച്ചർ നമ്പർ, ബിൽ നമ്പർ എന്നിവയ്ക്ക് ഏകീകരണമില്ല. ആയതിനാൽ പ്രൊജക്ട് ഫയലുകൾ ക്യാഷ്ബുക്കുമായി ഒത്തുനോക്കുന്നതിന് സാധിക്കുന്നില്ല. ക്യാഷ്ബുക്കിൽ എല്ലാ വരവ് ചെലവുകളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ടാക്സ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ -ടെണ്ടർ നടപടികൾ സംബന്ധിച്ച് ഓരോ പേജിലും കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല. (ടെണ്ടർ ഉറപ്പിച്ചതായോ റീ-ടെണ്ടർ നടപടിക്ക് ശുപാർശ ചെയ്തതായോ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. നിശ്ചിത രജിസ്റ്ററിൽ പൂർണ്ണതോതിൽ രേഖപ്പെടുത്തലുകൾ നടത്തി ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

എംബുക്ക്, ടെണ്ടർ ഫോം രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
പഞ്ചായത്ത് കൈമാറിയ എംബുക്ക്, ടെണ്ടർ ഫോം എന്നിവയ്ക്ക് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. പുതുതായി നിർമ്മിക്കുന്ന പഞ്ചായത്ത് വക കെട്ടിടങ്ങൾക്ക് പൂർണ്ണതോതിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കണമെന്ന് നിർദ്ദേശം പാലിക്കുന്നില്ല. (ഉദാ-പുതിയ പഞ്ചായത്ത് കെട്ടിടത്തിന് പൂർണ്ണതോതിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | നെൽ കൃഷി -കൂലിച്ചെലവ് -171/18 | 250000 | 0 |
| | 2017-18 | 200000 | ശരീരിക മാനസിക വെല്ലുവിളിക്കാർക്ക് സ്കോളർഷിപ്പ്-151/18 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 175000 | നെൽ കൃഷി -കൂലിച്ചെലവ് -171/18 | 175000 | 0 |
| കെ.എസ്.ഇ.ബി വണ്ടൂർ | 17-18 | 49900 | 376/18-മാർക്കറ്റ് 3 ഫേസ് കണക്ഷൻ | 49900 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കുകൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | പൂർത്തീകരിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | പുളിക്കൽ അംഗനവാടിക്ക് വാട്ടർ കണക്ഷൻ | | 50000 | 0 | ഇല്ല | 50000 |
| KWA | പുല്ലപറമ്പ് കോളനി കുടിവെള്ള കണക്ഷൻ | | 60000 | 0 | ഇല്ല | 60000 |
| KWA | പുല്ലപറമ്പ് കോളനി കുടിവെള്ള കണക്ഷൻ | | 60000 | 0 | ഇല്ല | 60000 |
| KSEB | പഞ്ചായത്ത് മാർക്കറ്റ് ത്രീഫേസ് | | 49900 | 0 | ഇല്ല | 49900 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് | വായ്പ തുക | വാർഷാരംഭത്തിൽ ഉള്ള തുക | അടവ് വിവരം | | ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | വലിശ | |
| EMS ലോൺ | സ.ഉ (സ)നം-1090/2010 /ത.സ്വ.ഭ.വ /24.3.2010 | 24000000 | 1492425 | 500000 | 0 | 992425 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ വ്യക്തി | രശീതി നം |
|---|---|---|---|---|
| 2014-15 | 3(1) | 271514 | ബി.പി.സി.എൽ | 117040400004/ |

| | | | | |
|---|---|---|---|---|
| | | | | 25.10.17 |
| 2016-17 | 2(3) | 1476 | സുബ്രമണ്യൻ | 117040103294/ 2.8.17 |
| 2016-17 | 2(4) | 853 | സമീർ ബാബു | 117040111958/ 5.2.18 |
| | ആകെ | 273843/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 154287030 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105015743 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28302 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5133775 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 17641 | ശ്രീമതി. ശരണ്യ.വി.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 15200 | ശ്രീമതി. അതിബ.പി.ബി, കൃഷി ഓഫീസർ |
| 3-12 | | 28302 | ശ്രീമതി.സുബൈദ .വി.കെ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| | | | |
|---|---|---|---|
| ആകെ | | 28302 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 1591750<br>3099900 | ശ്രീമതി .അതിബ.പി.ബി, കൃഷി ഓഫീസർ<br>ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ്, സെക്രട്ടറി |
| 3-11 | 191800 | ശ്രീമതി .അതിബ.പി.ബി, കൃഷി ഓഫീസർ |
| 3-15 | 31325 | ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ്, സെക്രട്ടറി. |
| 3-18 | 219000 | ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ്, സെക്രട്ടറി. |
| ആകെ | 5133775 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

3-14 42048 സെക്രട്ടറി, ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ്,
3-16 90927 സെക്രട്ടറി, ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ്,

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക -3-19

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി<br>ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ്, | സെക്രട്ടറി, കാരശ്ശേരി ഗ്രാമപഞ്ചായത്ത്<br>കേഴിക്കോട് ജില്ല | യാക്കിപ്പറമ്പൻ (വീട് ),<br>വടക്കുംമുറി, ഊർങ്ങാട്ടിരി,<br>മലപ്പുറം -673639 |
| ശ്രീമതി.സുബൈദ<br>ഐ.സി.ഡി.എസ് | ഐ.സി.ഡി.എസ്, വണ്ടൂർ ഗ്രാമപഞ്ചായത്ത് | പുത്തൻ വീട്ടിൽ (H),<br>താളിയംകുണ്ട് (പി.ഒ)<br>മലപ്പുറം -679339 |
| ശ്രീമതി.അതിബ.പി.ബി,<br>കൃഷി ഓഫീസർ | ലഭ്യമല്ല | സൗപർണ്ണിക, ദേവദാരുകുളം,<br>തിരുവനന്തപുരം – 695 543 |
| ശ്രീമതി.ശരണ്യ.വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ, | വൈക്കപ്പാടി ഹൗസ്, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | അന്തിക്കാട് ഗ്രാമ പഞ്ചായത്ത് തൃശ്ശൂർ ജില്ല | നെല്ലായി (പി.ഒ), കൊളത്തൂർ, തൃശ്ശൂർ 680 305 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.എം.15/798/98 തി.03.10.1998 | 40 |
| 1997-98 | എൽ.എഫ്.എം.6/693/10 തി.19.12.2010 | 2 |
| 1998-99 | എൽ.എഫ്.എം.06/694/10 തി.31.12.2010 | 2 |
| 1999-00 | എൽ.എഫ്.എം.06/695/10 തി.19.12.2010 | 3 |
| 2001-02 | എൽ.എഫ്.എം.06/697/10 തി.31.12.2010 | 3 |
| 2003-04 | എൽ.എഫ്.എം.06/699/10 തി.31.12.2010 | 1 |
| 2004-05 | എൽ.എഫ്.എം.06/700/10 തി.31.12.2010 | 5 |
| 2005-06 | എൽ.എഫ്.എം.06/1258/10 തി.29.07.2010 | 2 |
| 2006-07 | എൽ.എഫ്.എം.06/1259/10 തി.29.07.2010 | 16 |
| 2008-09 | എൽ.എഫ്.എം.06/1255/10 തി.10.11.2010 | 10 |
| 2009-10 | എൽ.എഫ്.എം.06/1256/10 തി.11.11.2010 | 23 |
| 2010-11 | എൽ.എഫ്.എം.05/988/13 തി.20.06.2013 | 15 |
| 2011-12<br>2012-13 | എൽ.എഫ്.എം.6/1377/14 തി:08.09.2015 | 27 |
| 2013-14 | കെ.എസ്.എ.എം.പി.എം.6/684/2015 തി:01.09.2015 | 10 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.എം.പി.എം.6/550/2016 തി:21.04.2016 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം.6/2699/2016 തി:07.10.2016 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.6/1822/2017 തി:03.8.2017 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എൽ. 2/19

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം(6)/1257/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം-മലപ്പുറം

തീയ്യതി : 4.7.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു.

സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം